# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജൂലൈ 1, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

46(*331) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം സുഗമമാക്കാൻ നടപടി

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കസ്റ്റംസ് പ്രിവന്റീവ് ഡിപ്പാർട്ട്മെന്റ്, സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആൻഡ് കസ്റ്റംസ് (CBIC) ബോർഡ് എന്നിവയുടെ വിവിധ അനുമതിയും അംഗീകാരവും നേടിയെടുക്കാൻ സാധിച്ചതിലൂടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനം ആരംഭിക്കാൻ സജ്ജമായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരം വിഴിഞ്ഞം തുറമുഖത്തിന് കയറ്റിറക്കുമതി ചരക്കുകൾ

കൈകാര്യം ചെയ്യുന്നതിനുള്ള കസ്റ്റംസ് പോർട്ടായി അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കാർഗോ കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണ്. കസ്റ്റംസ് ആക്ടിന്റെ സെക്ഷൻ 9 പ്രകാരം ലാൻഡിംഗ്/കസ്റ്റംസ് ഏരിയകളുടെ പരിധി വ്യക്തമാക്കുന്ന വിജ്ഞാപനത്തിൻമേലും കാർഗോ കൈകാര്യം ചെയ്യൽ, ഇന്റർനാഷണൽ സീപോർട്ടിനായുള്ള ലൊക്കേഷൻ കോഡ് (IN NYY1) എന്നിവയ്ക്കും അംഗീകാരം ലഭിച്ചതിനുപുറമെ International Code for the Security of Ships and of Port Facilities (ISPS Code) പ്രകാരം നിബന്ധനകൾ പാലിക്കുന്നതിന് ഇടക്കാല അംഗീകാരവും NSPC-യുടെ ഇടക്കാല ക്ലിയറൻസും ലഭ്യമാകുകയും ആഡിറ്റ്/ഇൻസ്പെക്ഷൻ നടപടികൾ പൂർത്തിയാക്കി പൂർണ്ണ അംഗീകാരം പ്രതീക്ഷിക്കുകയുമാണ്. 2960 മീറ്റർ ബ്രേക്ക് വാട്ടർ, 800 മീറ്റർ കണ്ടെയ്നർ ബർത്ത് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. തുറമുഖത്തെ NH66-മായി ബന്ധിപ്പിക്കുന്ന 1700 മീറ്റർ നാലുവരി പാതയുടെ 600 മീറ്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതും ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. തുറമുഖത്ത് കാർഗോ കൈകാര്യം ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുള്ള 31 ക്രെയിനുകളുടെ

കമ്മീഷനിംഗിനുള്ള പ്രവർത്തികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ, ടഗ്ഗുകൾ, പൈലറ്റ് കം സർവ്വേ വെസ്സൽ എന്നിവ ലഭ്യമാകുകയും നാവിഗേഷൻ സഹായികൾ സ്ഥാപിക്കുകയും കണ്ടെയ്നർ ബാക്ക്അപ് യാർഡ് 63 ഹെക്ടർ റിക്ലമേഷൻ, 12.69 ഹെക്ടർ പേവർ ബ്ലോക്ക് എന്നിവ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. EDI (Electronic Data Interchange), കസ്റ്റോഡിയൻ കോഡ്, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് (ICP) എന്നിവയ്ക്ക് ക്ലിയറൻസ് ലഭ്യമാകാനുണ്ട്. കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 2024 ആഗസ്റ്റോടുകൂടി പ്രവർത്തനസജ്ജമാകുന്നതുമാണ്. തുറമുഖത്തിന്റെ രണ്ടുംമൂന്നും ഘട്ടങ്ങൾക്കായുള്ള പാരിസ്ഥിതികാഘാത പഠനം പൂർത്തിയാക്കി ശിപാർശ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ജൂലൈ മാസത്തോടെ ട്രയൽ റൺ നടത്തി ഈ വർഷം കമ്മീഷൻ ചെയ്യുമെന്നും 8 വർഷംകൊണ്ട് 854.38 കോടി രൂപ സംസ്ഥാന സർക്കാർ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ടെന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുന്നതിന് ത്രികക്ഷി കരാറിൽ ഒപ്പിടുന്നതിനുള്ള ക്രമീകരണം പൂർത്തിയായിട്ടുണ്ടെന്നും കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് നബാർഡിനെ സമീപിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

47(*332) ട്രഷറി തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ നടപടി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ചില ട്രഷറികളിൽ വ്യാജ ചെക്കുകൾ ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടെന്നും ട്രഷറി സോഫ്റ്റ്‌വെയറിലും ഇടപാടുകളുടെ നടപടിക്രമങ്ങളിലും മാറ്റം വരുത്തി തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ട്രഷറി ഇടപാടുകൾ സുരക്ഷിതവും സുതാര്യവുമാക്കുന്നതിന് കൂടുതൽ സുരക്ഷാമാനദണ്ഡങ്ങൾ നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ട്രഷറി തട്ടിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ അച്ചടക്ക/നിയമ നടപടികൾ സ്വീകരിക്കുകയും അപഹരിച്ച തുക 18% പലിശ ഉൾപ്പെടെ ടി ജീവനക്കാരിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ പാസ്സ്‌വേർഡ് മാറ്റുന്നതിന് സംവിധാനം ഏർപ്പെടുത്തി ഓൺലൈൻ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, STQC മുഖേന സെക്യൂരിറ്റി ഓഡിറ്റ് നടത്തിയും SSL (Secure Sockets Layer) സർട്ടിഫിക്കറ്റുകൾ പ്രവർത്തനക്ഷമമാക്കിയും സൈബർ സുരക്ഷ

ഉറപ്പുവരുത്തുന്നതാണ്. ട്രഷറികളിൽ സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തിയതിന് പുറമെ പണം പിൻവലിക്കുമ്പോൾ പ്രസ്തുത വിവരം അക്കൗണ്ടുടമയെ SMS മുഖേന അറിയിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി സൗകര്യം ചെക്ക് ബുക്ക് വിതരണം ചെയ്യുമ്പോഴും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അക്കൗണ്ടുടമകൾക്ക് e-KYC നിർബന്ധമാക്കിയും ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിച്ചും OTP-യുടെ അടിസ്ഥാനത്തിൽ മാത്രം പുതിയ ചെക്ക് ബുക്ക് അനുവദിച്ചും പഴയ മൊബൈൽ നമ്പരിൽ ലഭിക്കുന്ന ഇ-സന്ദേശത്തിലൂടെ മാത്രം ഇടപാടുകാരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പർ മാറ്റുന്നതിനുള്ള സംവിധാനമൊരുക്കിയും പെൻഷൻ നിർത്തലാക്കുമ്പോഴും പെൻഷൻകാർ മരണപ്പെടുമ്പോഴും ഇടപാടുകൾ സ്വയം മരവിപ്പിക്കുന്നതിന് സംവിധാനമേർപ്പെടുത്തിയും ഇടപാടുകൾ സുരക്ഷിതമാക്കുന്നതാണ്. ട്രഷറി തട്ടിപ്പിനിരയായ നിക്ഷേപകരുടെ പണം തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ട്രഷറികളിലെ പരിശോധന വർദ്ധിപ്പിക്കുമെന്നും പണം നിക്ഷേപിക്കുമ്പോൾ ടി വിവരം എസ്.എം.എസ്. മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഓൺലൈൻ

പണമിടപാടുകൾക്ക് അനുമതി നേടുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നുണ്ടെന്നും ജോലിഭാരം കുറയ്ക്കുന്നതിന് ജീവനക്കാരെ പുനഃക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും തട്ടിപ്പ് നടത്തിയ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ച് തുക തിരികെപ്പിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

48(*333) <u>പരുത്തിയുടെ വിലക്കയറ്റം തടയാൻ നടപടി</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, പരുത്തിയുടെ വിലക്കയറ്റം തടയാൻ വിളവെടുപ്പ് സീസണിൽ അവ വാങ്ങി സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അതിനായി കോട്ടൺ ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ (എൻ.സി.ഡി.സി)-നിന്നും 70 കോടി രൂപ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പരുത്തിയുടെ വില വർദ്ധനവിന് ആനുപാതികമായി നൂലിന്റെ വില ഉയരാത്തതും ഉല്പാദന ചെലവ് കൂടുന്നതുംമൂലം കൈത്തറി

ഉൽപന്നങ്ങളുടെ വില ക്രമാതീതമായി ഉയരുകയും ഉൽപന്നങ്ങൾ കമ്പോളത്തിൽ വിൽക്കാൻ സാധിക്കാതെയും വരുന്നത് കൈത്തറി ഉൽപന്നങ്ങളുടെ വിപണനം, തൊഴിലാളികളുടെ വേതനം, തൊഴിൽ ലഭ്യത എന്നിവയെയും പരുത്തി (കോട്ടൺ) പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന പൊതു/സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ (CCI) പരുത്തിയുടെ മിനിമം സപ്പോർട്ട് പ്രൈസ് (MSP) പുതുക്കി നിശ്ചയിച്ച് കൈത്തറി മേഖലയിൽ ഉപയോഗപ്രദമായ രീതിയിൽ ഇടപെടൽ നടത്തിയാൽ മാത്രമേ പരുത്തി വിലയിലെ അസാധാരണവും അനിയന്ത്രിതവുമായ വർദ്ധനവ് നിയന്ത്രിക്കാനാവുകയുള്ളൂ. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ 339.93 കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും കൂലി കുടിശ്ശികയും നൂലിന്റെ വിലയിനത്തിൽ സ്പിന്നിംഗ് മില്ലുകൾക്ക് നൽകാനുള്ള തുകയും എത്രയുംവേഗം നൽകുമെന്നും കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്കായി പ്രത്യേക ആരോഗ്യ പരിരക്ഷ പദ്ധതി ആവിഷ്കരിക്കുമെന്നും കാഴ്ച കുറവുള്ളവർക്ക് കണ്ണട അലവൻസായി 2000 രൂപ അനുവദിക്കുന്നതിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും യുവ വീവ് പദ്ധതിയിലൂടെ 80 പേർക്ക്

പരിശീലനം നൽകിയിട്ടുണ്ടെന്നും അതിനായി ഈ സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

49(*334) നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, നികുതി വകുപ്പിൽ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ടാക്സ്പെയർ സർവീസ്, ഓഡിറ്റ് എന്നീ വിഭാഗങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നികുതി പിരിവ് ഊർജ്ജിതമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വാർഷിക വിറ്റുവരവ് പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ നടത്താതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ച് നികുതി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും നികുതി ചോർച്ചയ്ക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. AI അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി Business Intelligence & Fraud Analytics (BIFA) വഴി വിൽപ്പനകൾ കുറച്ച് റിപ്പോർട്ട് ചെയ്യൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൂടുതൽ കണക്കാക്കൽ പോലുള്ള പ്രവർത്തനങ്ങളും നികുതി ദായകർ സമർപ്പിക്കുന്ന റിട്ടേണുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കാനും സാധിക്കുന്നുണ്ട്. സംസ്ഥാന അതിർത്തികളിൽ

സ്ഥാപിച്ചിരിക്കുന്ന ANPR സിസ്റ്റത്തിലൂടെ സംസ്ഥാനത്തിനകത്തേയ്ക്കുള്ള ചരക്ക് നീക്കം മൊബൈൽ ഫോൺ വഴി എൻഫോഴ്സ്മെൻറ് സ്ക്വാഡുകളുമായി ബന്ധിപ്പിച്ച് നിരീക്ഷണം നടത്തുന്ന സംവിധാനം കാര്യക്ഷമമാക്കി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ, വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനാലിറ്റിക്സിലൂടെ വിദഗ്ധ വിശകലനം ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്കുനീക്കങ്ങൾ കണ്ടെത്തി പിഴ ഈടാക്കാനും അത്തരം വാഹനങ്ങളും ചരക്കുകളും കണ്ടുകെട്ടാനുമായി എൻഫോഴ്സ്മെന്റ് വിഭാഗം പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഓൺലൈൻ വ്യാപാരങ്ങളിൽ ഇ-വേ ബിൽ ഏർപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടെന്നും റസ്റ്റോറന്റുകൾ, കാറ്ററിംഗ് സ്ഥാപനങ്ങൾ, ബ്യൂട്ടിപാർലർ, കോച്ചിംഗ് സെന്റർ, ട്യൂഷൻ സെന്റർ തുടങ്ങിയ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും 2023-24 സാമ്പത്തിക വർഷത്തിൽ വിവിധ മേഖലകളിലായി ഇന്റലിജൻസ് വിഭാഗം നടത്തിയ പരിശോധനകളിൽനിന്നും 1709 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

50(*335) ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിലെ പ്രതീക്ഷിത വരുമാനം

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ് പെയർ സർവ്വീസസ് എന്നീ വിഭാഗങ്ങളായി പുനഃസംഘടിപ്പിച്ചതിലൂടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിൽ പ്രതീക്ഷിച്ച വരുമാനം നേടാൻ സാധിച്ചിട്ടില്ല. ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാർക്ക് മികച്ച പരിശീലനം നൽകുന്നതിലൂടെ നികുതിദായകർക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് ജീവനക്കാരെ പ്രാപ്തരാക്കുന്നതിനും സാധിച്ചിട്ടുണ്ട്. നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റ് നടത്തുന്നതിലൂടെ നികുതി ചോർച്ച കണ്ടെത്തുന്നതിന് സാധിക്കുന്നുണ്ട്. സംസ്ഥാനത്തിന് നാളിതുവരെ ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ 43363.51 കോടി രൂപ ലഭ്യമായിട്ടുണ്ട്. കരാറുകാരിൽനിന്നും അധികമായി ഈടാക്കിയ

ജി.എസ്.ടി. തുക തിരികെ കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.